**GOVERNMENT OF KERALA**

Abstract

Scheduled Tribes Development Department – Order of the Hon'ble Kerala Administrative Tribunal in O.A(EKM) No.1374/2017 filed by Smt. Saritha Kumari. A – Complied with – Orders Issued.

**Scheduled Castes Scheduled Tribes Development (D) Department**

**G.O(Ms)No. 36/2022/SCSTDD Dated, Thiruvananthapuram, 30.07.2022**

Read:-
1. G.O(Rt)No.919/2016/SCSTDD dated, 08.07.2016.
2. Order dated, 27.10.2021 of the Kerala Administrative Tribunal in O.A(EKM) No.1354/2017.
3. Representation dated, 13.11.2021 submitted by Smt. Saritha Kumari. A.

**ORDER**

Smt. Saritha Kumari. A, has been working as a Kindergarten Teacher at Vachiyode Kindergarten functioning under the Scheduled Tribes Development Department on a monthly honorarium basis since 18.01.1994. As per Government Order read as 1st paper above, Smt. Saritha Kumari was allowed to continue in the same post without regularising the temporary appointment.

2) Subsequently, Smt. Saritha Kumari. A filed OA No.1354/2017 before the Hon'ble Kerala Administrative Tribunal with a prayer to regularise her service as Kindergarten Teacher. The Hon'ble Tribunal as per their order read as 2nd paper above directed Government to pass appropriate orders in regularising the service of the applicant in accordance with the dictum laid down in Umadevi's judgment.

3) Government have examined the matter in detail and are pleased to regularise the service of Smt. Saritha Kumari. A, as Kindergarten Teacher with effect from the date of completion of ten years of her service as Kindergarten Teacher

under the Scheduled Tribes Development Department. Further proceedings in this regard will be issued by the Director, Scheduled Tribes Development Department.

4) The order of the Hon'ble Kerala Administrative Tribunal read as $2^{nd}$ paper above is complied with accordingly.

(By Order of the Governor)

**DR. A. JAYATHILAK IAS**
**ADDITIONAL CHIEF SECRETARY**

To

1. Smt. Saritha Kumari. A, Anchu Bhavan, Kothala, Chithara (P.O), Kollam – 691559.
2. The Director, Scheduled Tribes Development Department, Thiruvananthapuram.
3. The Advocate General, Kerala, Ernakulam (with CL)
4. The Principal Accountant General (Audit/A&E), Kerala, Thiruvananthapuram.
5. Finance Department (vide File No. WW3/70/2022-FIN)
6. Law Department (vide File No. 20254/ Suit 1(3)/2021/Law)
7. General Administration (SC) Department (vide Item No. 946 dated 27.07.2022)
8. The Information Officer, I&PRD Department.

Stock File/Office Copy.

Forwarded/By order

Section Officer

രഹസ്യം

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 27-07-2022**

ഫയൽ നം. 116/ഡി1/2017/പജപവവിവ. ഇനം നം: 946

വിഷയം : പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രതിമാസ ഹോണറേറിയം വ്യവസ്ഥയിൽ കിന്റർഗാർട്ടൻ ടീച്ചറായി ജോലി നോക്കിവരുന്ന ശ്രീമതി. സരിതകുമാരി.എ-യെ OA(EKM) 1354/2017 നമ്പർ കേസിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 27.10.2021-ലെ വിധിയുടെ അടിസ്ഥാനത്തിൽ ടിയാൾ ജോലിയിൽ 10 വർഷം പൂർത്തിയാക്കിയ ദിവസം മുതൽ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

Today issued
29/7/22

അഡീഷണൽ ചീഫ് സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്.

**GOVERNMENT OF KERALA**
**(Shri. PINARAYI VIJAYAN** MINISTRY**)**
**NOTE FOR THE COUNCIL OF MINISTERS**

| | | | |
|---|---|---|---|
| 1. | File No. | : | 116/D1/2017/SCSTDD |
| 2. | Department | : | SC/ST Development (D) Dept. |
| 3. | Subject | : | Regularisation of the service of Smt. Saritha Kumari. A, working under the Scheduled Tribes Development Department as Kindergarten Teacher with effect from the date of completion of ten years of her service in the post in compliance with the order dated, 27.10.2021 of Hon'ble Kerala Administrative Tribunal in OA (EKM) No. 1354/2017 - reg |
| 4. | Date of Chief Minister's Order for placing before the Council | : | 11.07.2022 |
| 5. | (i) Does the case involve financial commitments/ implications<br>(ii) if the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Note for the Council? | :<br>: | Yes<br>Yes |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the council? | : | Yes. |
| 7 | Name of Additional Secretary who submitted the Draft Note | : | Minimol. V.G |
| 8. | Name of the Additional Chief Secretary who approved the Draft Note | : | Dr. A. Jayathilak |
| 9 | Date of approval of Draft Note for the council by the Additional Chief Secretary | : | 16.07.2022 |
| 10 | Name of Chief Secretary who approved the Draft Note | : | Dr. V.P. Joy |
| 11 | Date of approval of Draft Note for the council by the Chief Secretary | : | 18.07.2022 |
| 12 | Name of Minister who approved the Draft Note | : | Sri. K. Radhakrishnan |
| 13 | Date of approval of Draft Note for the council by the Minister | : | 18.07.2022 |
| 14 | Date of submission of fair copies | : | 23.07.2022 |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and date of the G.O./letter communicating the decision | : | |

## NOTE FOR THE COUNCIL OF MINISTERS

This note deals with the regularisation of the service of Smt. Saritha Kumari. A, working under the Scheduled Tribes Development Department as Kindergarten Teacher with effect from the date of completion of ten years of her service in the post in compliance with the order dated, 27.10.2021 of Hon'ble Kerala Administrative Tribunal in OA (EKM) No. 1354/2017.

Smt. Saritha Kumari. A has been working as a Kindergarten Teacher at Vanchiyode Kindergarten school under the Scheduled Tribes Development Department on a monthly honorarium basis since 18.01.1994. As per G.O(Rt)No.919/2016/SCSTDD dated, 08.07.2016, Smt. Saritha Kumari was allowed to continue in the above post without regularising the temporary appointment. Subsequently Smt. Saritha Kumari had filed OA(EKM) No.1354/2017 before the Hon'ble Kerala Administrative Tribunal with a prayer to regularize her service as Kindergarten Teacher. The Hon'ble Tribunal as per their order dated, 27.10.2021 disposed the above case. The relevant extract of the above order is as follows:

"The first respondent (Secretary, Scheduled Castes Scheduled Tribes Development Department) shall pass appropriate orders within a period of three months from the date of receipt of a certified copy of this order, regularising the service of the applicant in accordance with the dictum laid down in Paragraph 53 of Umadevi's judgement ie, from the date of completion of ten years of service and on issuance of such orders, the applicant will be entitled to all consequential benefits thereof."

The remarks offered by the Law Department in this case as follows:

"ശ്രീമതി. സരിതകുമാരി. എ പ്രസ്തുത തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ താൽക്കാലിക അടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതാകുന്നു. ടിയാൾ 18.01.1994 മുതൽ 27 വർഷമായി സേവനം അനുഷ്ഠിച്ചുവരികയാണ്. ടിയാൾ ബഹു. സുപ്രീം കോടതിയുടെ ഉമാദേവി കേസിന്റെ വിധിന്യായ കാലയളവിൽ 12 വർഷത്തോളം സേവനം അനുഷ്ഠിച്ചിട്ടുള്ളതുമാകുന്നു. കൂടാതെ അപേക്ഷ പരിഗണിക്കവെ OA No.574/2016 KAT- ന്റെ വിധിന്യായം നടപ്പിലാക്കി കൊണ്ട് ടിയാളെ സ്ഥിരപ്പെടുത്താതെ KS & SSR Part-II Rule 39 - ന്റെ അടിസ്ഥാനത്തിൽ ടിയാളെ വിരമിക്കും വരെ സേവനത്തിൽ തുടരാൻ ഉത്തരവായിട്ടുള്ളതുമാകുന്നു.

ടി സാഹചര്യത്തിൽ പി.എസ്.സി റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ അവസരത്തെയും ജാതി സംവരണത്തെയും ബാധിക്കുന്നതും നഷ്ടപ്പെടുത്തുന്നതുമായ സർക്കാരിന്റെ തർക്കങ്ങൾ നിലനിൽക്കുന്നതല്ല എന്ന് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിരീക്ഷിച്ചിട്ടുള്ളതുമാകുന്നു.

ആയതിനാൽ ടി ഉമാദേവി കേസിൽ നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ ടി ജീവനക്കാരിക്ക് ബാധകമായിട്ടുള്ളതും ടിയാളുടെ സേവനം സ്ഥിരപ്പെടുത്താവുന്നതുമാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു"

The remarks of the Finance Department in the matter is as follows:

"കിന്റർ ഗാർട്ടനുകളിൽ ടീച്ചർ തസ്തിക അനുവദിക്കപ്പെട്ടിട്ടില്ല എന്നും, നഴ്സറി സ്കൂൾ ടീച്ചർ തസ്തികയ്ക്ക് വേണ്ട വിദ്യാഭ്യാസ യോഗ്യതയില്ലാത്തയാളാണ് ശ്രീമതി. സരിതാ കുമാരി എന്നുമാണ് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുള്ളത്. ഏതൊരാളേയും നിയമിക്കുന്നതിന് അടിസ്ഥാനപരമായി ഒരു തസ്തിക ആവശ്യമാണ്. സർക്കാർ അംഗീകൃത തസ്തികകളിൽ നിയമാനുസൃത നിയമന രീതിയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട് പത്തു

വർഷത്തിലധികമായി തുടർന്നു വന്ന ജീവനക്കാരെ ഒറ്റത്തവണത്തേക്ക് എന്ന നിലയ്ക്ക് സ്ഥിരപ്പെടുത്തുന്നതിനുള്ള അനുമതിയാണ് "ഉമാദേവി" കേസിലെ വിധി പ്രകാരം ബഹു. സുപ്രീം കോടതി നല്കിയിട്ടുള്ളത്. നിലവിലില്ലാത്ത തസ്തികയിലേയ്ക്ക് മതിയായ യോഗ്യതയില്ലാത്ത ജീവനക്കാരിയെ സ്ഥിരപ്പെടുത്തുന്നത് ഉമാദേവി കേസിലെയും തുടർന്നുള്ള Upendra Singh v. State of Bihar and others (Civil appeal No. 2356/2018), Union of India and others v. Limo Devi and another എന്നീ കേസുകളിലെയും ബഹു. സുപ്രീം കോടതി വിധിക്ക് എതിരായതും, തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കുന്നതുമാണ്. ഇപ്രകാരം സ്ഥിരപ്പെടുത്തുന്ന പക്ഷം സമാനമായ ആവശ്യം മറ്റു വിഭാഗം ജീവനക്കാരിൽ നിന്നും ഉണ്ടാകുന്നതിന് കാരണമായേക്കും. ഈ സാഹചര്യത്തിൽ ടിയാരിയെ സ്ഥിരപ്പെടുത്താൻ സാധ്യമല്ലായെന്നും OA(EKM)1354/2017-ൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 27.10.2021-ലെ ഉത്തരവിനെതിരെ ഉചിത തലത്തിലുള്ള തുടർനടപടികൾ സ്വീകരിക്കുവാനും ഭരണ വകുപ്പിനെ അറിയിക്കുന്നു. കൂടാതെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടുള്ള 03.03.2018-ലെ സ.ഉ(അ)നം.31/2018/ധന ഉത്തരവിലേയ്ക്കും ശ്രദ്ധ ക്ഷണിക്കുന്നു."

Since, the remarks of Finance Department is in contrary to the opinion of Law Department, again remarks of the Law Department was sought and that Department opined as follows:

"ശ്രീമതി. സരിതകുമാരി 18.01.1994 മുതൽ (28 വർഷം) താത്കാലിക വ്യവസ്ഥയിൽ ജോലിനോക്കി വരുന്നതും ബഹു. സുപ്രീംകോടതി ഉമാദേവി കേസ്സിൽ വിധിന്യായം പുറപ്പെടുവിക്കുമ്പോൾ 12 വർഷം സേവനകാലം ഉണ്ടായിരുന്ന വ്യക്തിയുമാണ്. ഉമാദേവി കേസ്സിൽ ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ ആനുകൂല്യം ലഭ്യമാക്കുവാനാണ് ടിയാൾ ബഹു. KAT-യെ സമീപിച്ചതും അതിന്മേൽ ബഹു. KAT ഉത്തരവായതിന്റെ

അടിസ്ഥാനത്തിൽ ഈ വകുപ്പ് ഉപദേശം നൽകിയിരുന്നതുമാണ്. ഉമാദേവി കേസ്സിലെ വിധിന്യായത്തിൽ താത്കാലിക നിയമനം ലഭിച്ചവർ duly qualified ആയിരിക്കണം, അത് sanctioned vacant post-ൽ ആയിരിക്കണം 10 വർഷം തുടർച്ചയായ സർവ്വീസ്, അത് കോടതി ഉത്തരവുകളുടെ ബലത്തിലല്ലാതെ, ഉണ്ടായിരിക്കണം തുടങ്ങിയ നിബന്ധനകളാണ് താത്കാലികക്കാരുടെ ഒറ്റത്തവണ റഗുലറൈസേഷന് കോടതി ഏർപ്പെടുത്തിയിരുന്നത്.

ശ്രീമതി. സരിതാകുമാരിയുടെ റഗുലറൈസേഷൻ സംബന്ധിച്ച വിഷയത്തിൽ ധനകാര്യവകുപ്പ് ചൂണ്ടിക്കാട്ടിയ വസ്തുതകൾ സർക്കാർ ബഹു. KAT മുമ്പാകെ ഉന്നയിച്ചിട്ടുള്ളതും ബഹു. KAT ആയത് പരിഗണിച്ച് നിരസിച്ചിട്ടുള്ളതുമാണ്. ഹർജിക്കാരി 1994-ൽ നിലനിന്ന ബാലവാടിയിലാണ് യോഗ്യതയുടെ അടിസ്ഥാനത്തിൽ ഒരു നിയമനപ്രക്രിയയിലൂടെ നിയമനം നേടിയത്. ബാലവാടികളെയാണ് പിന്നീട് കിന്റർഗാർട്ടനായി പരിവർത്തനം ചെയ്തതും ഇവരെ തുടരുവാൻ അനുവദിച്ചിരുന്നതും. നിയമന സമയത്ത് ടിയാൾക്ക് ടി തസ്തികക്ക് ആവശ്യമായ യോഗ്യതയുണ്ടായിരുന്നതും നിയമനം നൽകുന്നതിനായി ഒരു തസ്തിക ഉണ്ടായിരുന്നതുമാണ്. കിന്റർഗാർട്ടനായി പരിവർത്തനം ചെയ്യപ്പെട്ടപ്പോൾ അതിനുള്ള യോഗ്യത അത്തരത്തിൽ പരിവർത്തനം ചെയ്യപ്പെടുന്നതിനും വളരെ മുമ്പ് നിയമനം തേടിയ ആളിനുമേൽ ചുമത്തുന്നത് ശരിയല്ലായെന്നതാണ് ബഹു. KAT വിധിയുടെ അന്തഃസത്തകളിൽ ഒന്ന്. കൂടാതെ അതേ യോഗ്യത മാത്രം വച്ച് കൊണ്ട് ടിയാളെ വിരമിക്കും വരെ തുടരുവാൻ സർക്കാർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഉമാദേവി കേസ്സിലേയും മറ്റ് അനുബന്ധ കേസ്സുകളുടെയും അടിസ്ഥാനത്തിൽ തസ്തികയും യോഗ്യതയും ഉണ്ടെങ്കിൽ മാത്രം റഗുലറൈസ് ചെയ്യാൻ കഴിയുകയുള്ളൂ എന്ന ധനകാര്യവകുപ്പിന്റെ അഭിപ്രായത്തോട് ഈ വകുപ്പ് യോജിക്കുന്നു. ശ്രീമതി. സരിതാകുമാരിയുടെ വിഷയത്തിൽ നിയമനസമയത്ത് തസ്തികയും വേണ്ട

യോഗ്യതയും ഉണ്ടായിരുന്നതാണ്. നിയമനം ഒരു നടപടിക്രമത്തിലൂടെ ആയിരുന്നുവെന്നും നിയമനത്തിന് ഒരു തസ്തിക ഉണ്ടായിരുന്നുവെന്നും പ്രസ്തുത തസ്തികയ്ക്ക് ആവശ്യമായ യോഗ്യത ടിയാൾക്ക് ഉണ്ടായിരുന്നുവെന്നും ഉമാദേവി കേസ്സിലെ വിധിന്യായത്തിന്റെ ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള ആവശ്യമായ സേവനകാലം ഉണ്ടായിരുന്നതുമാണ് ബഹു. KAT ഉത്തരവിന്റെ അടിസ്ഥാനം. ടി സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ ശ്രീമതി. സരിതാ കുമാരിക്ക് റഗുലറൈസേഷന് അർഹതയുണ്ട് എന്ന ഈ വകുപ്പിന്റെ മുൻ അഭിപ്രായത്തിൽ മാറ്റം വരുത്തേണ്ട സാഹചര്യമില്ലായെന്ന് അറിയിക്കുന്നു.

The Hon'ble Chief Minister ordered to submit this matter for the consideration of the Council of Ministers.

## POINT FOR DECISION

Whether orders may be issued regularising the service of Smt. Sarithakumari. A, Kindergarten Teacher working on monthly honorarium basis under the Scheduled Tribes Development Department from 18.01.1994, ie, from the date of completion of ten years of service in compliance with the order dated 27.10.2021 of the Hon’ble Kerala Administrative Tribunal in case No. OA(EKM) 1354/2017 as per the opinion of the Law Department, overlooking the opinion of the Finance Department?

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | 116/ഡി1/2017/പജപവവിവ |
| 2. | വകുപ്പ് | : | പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ് |
| 3. | വിഷയം | : | പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രതിമാസ ഹോണറേറിയം വ്യവസ്ഥയിൽ കിന്റർഗാർട്ടൻ ടീച്ചറായി ജോലി നോക്കിവരുന്ന ശ്രീമതി. സരിതകുമാരി. എ - യെ OA (EKM) 1354/2017 നമ്പർ കേസിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 27.10.2021- ലെ വിധിയുടെ അടിസ്ഥാനത്തിൽ ടിയാൾ ജോലിയിൽ 10 വർഷം പൂർത്തിയാക്കിയ ദിവസം മുതൽ സർവീസിൽ സ്ഥിരപ്പെടുത്തുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 11/07/2022 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | :<br>: | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചി ട്ടുണ്ടോ? | : | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | മിനിമോൾ വി.ജി |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 9 | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 16/07/2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 18/07/2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 18/07/2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 23/07/2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രതിമാസ ഹോണറേറിയം വ്യവസ്ഥയിൽ കിന്റർഗാർട്ടൻ ടീച്ചറായി ജോലി നോക്കിവരുന്ന ശ്രീമതി. സരിതകുമാരി. എ-യെ OA(EKM) 1354/2017 നമ്പർ കേസിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 27.10.2021-ലെ വിധിയുടെ അടിസ്ഥാനത്തിൽ ടിയാൾ ജോലിയിൽ 10 വർഷം പൂർത്തിയാക്കിയ ദിവസം മുതൽ സർവീസിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

ശ്രീമതി സരിതാകുമാരി. എ, 18.01.1994 മുതൽ പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള വഞ്ചിയോട് കിന്റർ ഗാർട്ടനിൽ പ്രതിമാസ ഹോണറേറിയം വ്യവസ്ഥയിൽ കിന്റർഗാർട്ടൻ ടീച്ചറായി ജോലിചെയ്തു വരികയാണ്. 08.07.2016-ലെ സ.ഉ(സാധാ) നം. 919/2016/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി. സരിതാകുമാരിയുടെ മേൽപ്പറഞ്ഞ താൽക്കാലിക നിയമനം റഗുലറൈസ് ചെയ്യാതെ സർവ്വീസിൽ തുടരുന്നതിന് മാത്രം സർക്കാർ അനുവദിച്ചിരുന്നു. അതിനു ശേഷം തനിക്ക് സ്ഥിരനിയമനം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി സരിതാകുമാരി. എ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ OA(EKM) 1354 /2017 നമ്പർ കേസ് ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസ് തീർപ്പാക്കിക്കൊണ്ട് ബഹു. ട്രൈബ്യൂണൽ 27.10.2021-ൽ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി ഉത്തരവിലെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു:

"The first respondent (Secretary, Scheduled Castes Scheduled Tribes Development Department) shall pass appropriate orders within a period of three months from the date of receipt of a certified copy of this order, regularising the service of the applicant in accordance with the dictum laid down in Paragraph 53 of Umadevi's judgement ie, from the date of completion of ten years of service and on issuance of such orders, the

applicant will be entitled to all consequential benefits thereof."

ഇക്കാര്യം സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം താഴെപ്പറയുന്നു.

"ശ്രീമതി. സരിതകുമാരി. എ പ്രസ്തുത തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ താൽക്കാലിക അടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതാകുന്നു. ടിയാൾ 18.01.1994 മുതൽ 27 വർഷമായി സേവനം അനുഷ്ഠിച്ചുവരികയാണ്. ടിയാൾ ബഹു. സുപ്രീം കോടതിയുടെ ഉമാദേവി കേസിന്റെ വിധിന്യായ കാലയളവിൽ 12 വർഷത്തോളം സേവനം അനുഷ്ഠിച്ചിട്ടുള്ളതുമാകുന്നു. കൂടാതെ അപേക്ഷ പരിഗണിക്കവെ OA No.574/2016 KAT- ന്റെ വിധിന്യായം നടപ്പിലാക്കി കൊണ്ട് ടിയാളെ സ്ഥിരപ്പെടുത്താതെ KS & SSR Part-II Rule 39 – ന്റെ അടിസ്ഥാനത്തിൽ ടിയാളെ വിരമിക്കും വരെ സേവനത്തിൽ തുടരാൻ ഉത്തരവായിട്ടുള്ളതുമാകുന്നു.

ടി സാഹചര്യത്തിൽ പി.എസ്.സി റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ അവസരത്തെയും ജാതി സംവരണത്തെയും ബാധിക്കുന്നതും നഷ്ടപ്പെടുത്തുന്നതുമായ സർക്കാരിന്റെ തർക്കങ്ങൾ നിലനിൽക്കുന്നതല്ല എന്ന് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിരീക്ഷിച്ചിട്ടുള്ളതുമാകുന്നു.

ആയതിനാൽ ടി ഉമാദേവി കേസിൽ നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ ടി ജീവനക്കാരിക്ക് ബാധകമായിട്ടുള്ളതും ടിയാളുടെ സേവനം സ്ഥിരപ്പെടുത്താവുന്നതുമാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു"

ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം താഴെപ്പറയുന്നു.

"കിന്റർ ഗാർട്ടനുകളിൽ ടീച്ചർ തസ്തിക അനുവദിക്കപ്പെട്ടിട്ടില്ല എന്നും, നഴ്സറി സ്കൂൾ ടീച്ചർ തസ്തികയ്ക്ക് വേണ്ട വിദ്യാഭ്യാസ യോഗ്യതയില്ലാത്തയാളാണ് ശ്രീമതി. സരിതാ കുമാരി എന്നുമാണ് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുള്ളത്. ഏതൊരാളേയും നിയമിക്കുന്നതിന് അടിസ്ഥാനപരമായി ഒരു തസ്തിക ആവശ്യമാണ്. സർക്കാർ അംഗീകൃത തസ്തികകളിൽ നിയമാനുസൃത

നിയമന രീതിയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട് പത്തു വർഷത്തിലധികമായി തുടർന്നു വന്ന ജീവനക്കാരെ ഒറ്റത്തവണത്തേക്ക് എന്ന നിലയ്ക്ക് സ്ഥിരപ്പെടുത്തുന്നതിനുള്ള അനുമതിയാണ് "ഉമാദേവി" കേസിലെ വിധി പ്രകാരം ബഹു. സുപ്രീം കോടതി നല്കിയിട്ടുള്ളത്. നിലവിലില്ലാത്ത തസ്തികയിലേയ്ക്ക് മതിയായ യോഗ്യതയില്ലാത്ത ജീവനക്കാരിയെ സ്ഥിരപ്പെടുത്തുന്നത് ഉമാദേവി കേസിലെയും തുടർന്നുള്ള Upendra Singh v. State of Bihar and others (Civil appeal No. 2356/2018), Union of India and others v. Limo Devi and another എന്നീ കേസുകളിലെയും ബഹു. സുപ്രീം കോടതി വിധിക്ക് എതിരായതും, തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കുന്നതുമാണ്. ഇപ്രകാരം സ്ഥിരപ്പെടുത്തുന്ന പക്ഷം സമാനമായ ആവശ്യം മറ്റു വിഭാഗം ജീവനക്കാരിൽ നിന്നും ഉണ്ടാകുന്നതിന് കാരണമായേക്കും. ഈ സാഹചര്യത്തിൽ ടിയാരിയെ സ്ഥിരപ്പെടുത്താൻ സാധ്യമല്ലായെന്നും OA(EKM)1354/2017-ൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 27.10.2021-ലെ ഉത്തരവിനെതിരെ ഉചിത തലത്തിലുള്ള തുടർനടപടികൾ സ്വീകരിക്കുവാനും ഭരണ വകുപ്പിനെ അറിയിക്കുന്നു. കൂടാതെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടുള്ള 03.03.2018-ലെ സ.ഉ(അ)നം.31/2018/ധന ഉത്തരവിലേയ്ക്കും ശ്രദ്ധ ക്ഷണിക്കുന്നു."

ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം നിയമ വകുപ്പിന്റെ അഭിപ്രായത്തിന് വിപരീതമായിട്ടാണെന്നു കണ്ടതിനാൽ വീണ്ടും നിയമ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞതിൽ പ്രസ്തുത വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"ശ്രീമതി. സരിതകുമാരി 18.01.1994 മുതൽ (28 വർഷം) താത്കാലിക വ്യവസ്ഥയിൽ ജോലിനോക്കി വരുന്നതും ബഹു. സുപ്രീംകോടതി ഉമാദേവി കേസ്സിൽ വിധിന്യായം പുറപ്പെടുവിക്കുമ്പോൾ 12 വർഷം സേവനകാലം ഉണ്ടായിരുന്ന വ്യക്തിയുമാണ്. ഉമാദേവി കേസ്സിൽ ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ ആനുകൂല്യം ലഭ്യമാക്കുവാനാണ് ടിയാൾ ബഹു. KAT-യെ

സമീപിച്ചതും അതിന്മേൽ ബഹു. KAT ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ഈ വകുപ്പ് ഉപദേശം നൽകിയിരുന്നതുമാണ്. ഉമാദേവി കേസ്സിലെ വിധിന്യായത്തിൽ താത്കാലിക നിയമനം ലഭിച്ചവർ duly qualified ആയിരിക്കണം, അത് sanctioned vacant post-ൽ ആയിരിക്കണം 10 വർഷം തുടർച്ചയായ സർവ്വീസ്, അത് കോടതി ഉത്തരവുകളുടെ ബലത്തിലല്ലാതെ, ഉണ്ടായിരിക്കണം തുടങ്ങിയ നിബന്ധനകളാണ് താത്കാലികക്കാരുടെ ഒറ്റത്തവണ റഗുലറൈസേഷന് കോടതി ഏർപ്പെടുത്തിയിരുന്നത്.

ശ്രീമതി. സരിതാകുമാരിയുടെ റഗുലറൈസേഷൻ സംബന്ധിച്ച വിഷയത്തിൽ ധനകാര്യവകുപ്പ് ചൂണ്ടിക്കാട്ടിയ വസ്തുതകൾ സർക്കാർ ബഹു. KAT മുമ്പാകെ ഉന്നയിച്ചിട്ടുള്ളതും ബഹു. KAT ആയത് പരിഗണിച്ച് നിരസിച്ചിട്ടുള്ളതുമാണ്. ഹർജിക്കാരി 1994-ൽ നിലനിന്ന ബാലവാടിയിലാണ് യോഗ്യതയുടെ അടിസ്ഥാനത്തിൽ ഒരു നിയമനപ്രക്രിയയിലൂടെ നിയമനം നേടിയത്. ബാലവാടികളെയാണ് പിന്നീട് കിന്റർഗാർട്ടനായി പരിവർത്തനം ചെയ്തതും ഇവരെ തുടരുവാൻ അനുവദിച്ചിരുന്നതും. നിയമന സമയത്ത് ടിയാൾക്ക് ടി തസ്തികക്ക് ആവശ്യമായ യോഗ്യതയുണ്ടായിരുന്നതും നിയമനം നൽകുന്നതിനായി ഒരു തസ്തിക ഉണ്ടായിരുന്നതുമാണ്. കിന്റർഗാർട്ടനായി പരിവർത്തനം ചെയ്യപ്പെട്ടപ്പോൾ അതിനുള്ള യോഗ്യത അത്തരത്തിൽ പരിവർത്തനം ചെയ്യപ്പെടുന്നതിനും വളരെ മുമ്പ് നിയമനം തേടിയ ആളിനുമേൽ ചുമത്തുന്നത് ശരിയല്ലായെന്നതാണ് ബഹു. KAT വിധിയുടെ അന്തഃസത്തകളിൽ ഒന്ന്. കൂടാതെ അതേ യോഗ്യത മാത്രം വച്ച് കൊണ്ട് ടിയാളെ വിരമിക്കും വരെ തുടരുവാൻ സർക്കാർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഉമാദേവി കേസ്സിലേയും മറ്റ് അനുബന്ധ കേസ്സുകളുടെയും അടിസ്ഥാനത്തിൽ തസ്തികയും യോഗ്യതയും ഉണ്ടെങ്കിൽ മാത്രം റഗുലറൈസ് ചെയ്യാൻ കഴിയുകയുള്ളൂ എന്ന ധനകാര്യവകുപ്പിന്റെ അഭിപ്രായത്തോട് ഈ വകുപ്പ് യോജിക്കുന്നു. ശ്രീമതി. സരിതാകുമാരിയുടെ വിഷയത്തിൽ നിയമനസമയത്ത് തസ്തികയും വേണ്ട യോഗ്യതയും ഉണ്ടായിരുന്നതാണ്. നിയമനം ഒരു നടപടിക്രമത്തിലൂടെ

ആയിരുന്നുവെന്നതും നിയമനത്തിന് ഒരു തസ്തിക ഉണ്ടായിരുന്നുവെന്നതും പ്രസ്തുത തസ്തികയ്ക്ക് ആവശ്യമായ യോഗ്യത ടിയാൾക്ക് ഉണ്ടായിരുന്നുവെന്നതും ഉമാദേവി കേസ്സിലെ വിധിന്യായത്തിന്റെ ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള ആവശ്യമായ സേവനകാലം ഉണ്ടായിരുന്നതുമാണ് ബഹു. KAT ഉത്തരവിന്റെ അടിസ്ഥാനം. ടി സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ ശ്രീമതി. സരിതാകുമാരിക്ക് റഗുലറൈസേഷന് അർഹതയുണ്ട് എന്ന ഈ വകുപ്പിന്റെ മുൻ അഭിപ്രായത്തിൽ മാറ്റം വരുത്തേണ്ട സാഹചര്യമില്ലായെന്ന് അറിയിക്കുന്നു."

വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

OA (EKM) 1354/2017 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 27.10.2021 - ലെ ഉത്തരവ് നടപ്പിലാക്കുന്നതിലേക്കായി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രതിമാസ ഹോണറേറിയം വ്യവസ്ഥയിൽ കിന്റർഗാർട്ടൻ ടീച്ചറായി 18.01.1994 മുതൽ ജോലി നോക്കിവരുന്ന ശ്രീമതി. സരിതകുമാരി. എ -യെ, ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തെ മറികടന്നു കൊണ്ട്, നിയമവകുപ്പിന്റെ ഉപദേശമനുസരിച്ച് ടിയാൾ മേൽപ്പറഞ്ഞ ജോലിയിൽ പത്തു വർഷം സേവനം പൂർത്തിയാക്കിയ ദിവസം മുതൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കാമോ?